EDUCATION

***505 [31] Sri. Eapen Arackal :** Will the Hon'ble Minister for Education be pleased to state.—

(*a*) is it a fact that an overwhelming majority of Private Secondary Schools in the State are opposed to the new scheme of education;

(*b*) will the Government be pleased to state the total number of Private Secondary Scools in the State and the number of such institutions which still remain reluctant to accept and abide by the conditions and restrictions of the new scheme of education?

Minister for Fducation, Food and Labour **(Sri. T. K. Narayana Pillai):**

(*a*) No. The majority has joined.

(*b*) Total number of Private Secondary Schools — 925.
414 Schools remain to come into the scheme.

നാവിക വകുപ്പിലേക്ക് എറണാകുളത്തെ സ്ഥലമെടുപ്പ്

* ൪൦൩. (ന വ) ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

നാവിക വകുപ്പിന്റെ ആവശ്യത്തിനു് എറണാകുളത്തു സ്ഥലം അക്വയർ ചെയ്യുന്നതു സംബന്ധിച്ചു വല്ല നിർദ്ദേശവും നാവിക വകുപ്പിൽനിന്നോ കേന്ദ്ര ഗവണ്മെണ്ടിൽനിന്നോ നമ്മുടെ ഗവണ്മെണ്ടിനു ലഭിച്ചിട്ടുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഉണ്ടു്.

൪-ാം ക്ലാസ്സിലെ ഗ്രാൻറു്

* ൪൦൭. (ന ര) സാഹിബു് ബഹദൂർ വി. ചേലാദിറാവുത്തർ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഗവണ്മെണ്ടിന്റെ പുതിയ പദ്ധതിയനുസരിച്ചു പ്രാഥമിക വിദ്യാലയങ്ങളിൽ തുറന്നിട്ടുള്ള ൪-ാംക്ലാസ്സിലേക്കു ഗ്രാൻറു് അനുവദിച്ചുവോ ;

(ബി) അതിലെ അദ്ധ്യാപകന്മാർക്കു് ഇതേവരെ ശമ്പളം കൊടുത്തിട്ടില്ലെന്നു് കേൾക്കുന്നതു ശരിയാണോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല. എന്നാൽ ഫസ്റ്റ്— ൪൦ വിദ്യാഭ്യാസ വർഷാവസാനംവരെ ഗവണ്മെണ്ടിൽനിന്നും സഹായധനം വാങ്ങി നടത്തിക്കൊണ്ടിരുന്ന പ്രിപ്പറട്ടറി ക്ലാസ്സുകളും ഉണ്ടായിരുന്ന വിദ്യാലയങ്ങളിൽ തുടങ്ങിയിട്ടുള്ള അഞ്ചാം ക്ലാസ്സുകൾക്കു് ഗ്രാൻറു് നല്കുന്നുണ്ടു്.

(ബി) അറിവില്ല. ഗവണ്മെണ്ടു് വിദ്യാലയങ്ങൾക്കുള്ള സഹായധനം മാത്രമേ കൊടുക്കാറുള്ളൂ. അദ്ധ്യാപകന്മാർക്കു ശമ്പളം കൊടുക്കുന്നതു് മാനേജരന്മാരാണു്.

മലഞ്ചരക്കു് ലേലക്കാരൻ

*൪൦൮. (ന ര) സാഹിബു് ബഹദൂർ ചേലാദി റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഫാസ്സ്റ്റു് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) കൊച്ചി ഡിസ്ട്രിക്ടിൽപ്പെട്ട മച്ചാട് റയിഞ്ചിലെ മലഞ്ചരക്ക് ലേല ക്കാരൻ ആരാണ്;

(ബി) ടി ലേലക്കാരനോ ആൾക്കാരോ പച്ച മരുന്നുകൾ പറിച്ചു വിറ്റ വരുന്ന സാധുസ്ത്രീകളെ ടൗണുകളിലും മറ്റും വച്ചു തടഞ്ഞുനിർത്തി അസഹ്യപ്പെ ടുത്തുന്നതായി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ശ്രീ. എ. പി. കുട്ടൻചെട്ടിയാർ, ചേലക്കര.

(ബി) ഫൻ ൪ ൦ നവമ്പർ ൨൨-ാംന്ത-യിലെ ഗോമതി പത്രത്തിൽ ഇ പ്രകാരം ഒരു ആരോപണമുണ്ടായിരുന്നു. അന്വേഷണത്തിൽ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് അറിയുന്നു. പച്ചമരുന്നുകൾ ഉൾപ്പടെയുള്ള മല ഞ്ചരക്കുകൾ ശേഖരിച്ചുകൊണ്ട് പോകുന്നതിനുള്ള അവകാശം കരാർ അനുസ രിച്ചു കൊടുക്കുകയാണ് പതിവ്. പച്ചമരുന്നുകൾ ശേഖരിക്കുന്നതിനും മറ്റും കരാറുകാരാണ് പാസുകൾ കൊടുക്കുന്നത്. കരാറിൽ പെട്ട വസ്തുവായതുകൊണ്ട് മറ്റുള്ളവർക്ക് പച്ചമരുന്നുകൾ യഥേഷ്ടം കാട്ടിൽനിന്നും ശേഖരിച്ചു കൊണ്ടുപോ കുവാൻ പാടുള്ളതല്ല.

SRI. T. K. KOSHI

*509 [36] **Sri. P. Gopalan:** Will the Hon'ble Minister for Education Labour and Civil Supplies be pleased to state.—

(*a*) whether the Goveenment is aware of any memorandum submitted before the States Ministry by Sri. T. K. Koshy (the ex-Director of Public Instruction) for reinstating him in service;

(*b*) whether the Government have received any instructions from States Ministry for reinstating him in the service?

Minister for Education, Food and Labour **(Sri. T. K. Narayana Pilai):**

(*a*) The Government have no information.

(*b*) No.

വിദ്യാർത്ഥി മർദ്ദനം

* ൫൧൦. (൯൭) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നല്കു മോ.—

(എ) ചിറ്റൂർ താലൂക്ക് അരണ്ടപ്പള്ളം പ്രൈമറി സ്കൂളിലെ വിദ്യാർത്ഥിക ളെ പുൺ ദേഹോപദ്രവം ഏല്പിച്ചതായി ആവലാതി കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

വിദ്യാഭ്യാസവും ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) മാസപ്പടിയെ സസ്പെൻഡ് ചെയ്യുവാൻ കല്പന നല്കിയിട്ടുണ്ട്.

കാണിപ്പുറം ഭൂമികൾ

* ൫൧൧. (൯൮) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യ ങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ:—

നെയ്യാറ്റിൻകര താലൂക്കിലെ കാണിപ്പുറം ഭൂമികളിൽ കയ്യേറിയതിന് കഴി ഞ്ഞ അഞ്ചു വർഷമായി എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്, ഓരോ ആണ്ടിലുമെത്ര?

LIBRARY ARCHIVES Kerala Legislative Assembly